"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുമ്പാവൂർ നഗരസഭയിലെ കണ്ടിജന്റ് വർക്കർ ശ്രീമതി.സിനി പി.എൻ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീമ്പേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2348/2024/LSGD തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 02.08.2024 ലെ LSGD/PD 25501/2023-DEG1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരുമ്പാവൂർ നഗരസഭയിലെ കണ്ടിജന്റ് വർക്കർ ശ്രീമതി.സിനി പി.എൻ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് 13.07.2021 മുതൽ 22.07.2021 വരെ കൊച്ചി ലൂർദ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായി അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിലെ കണ്ടിജന്റ് വർക്കർ ശ്രീമതി.സിനി പി.എൻ തന്റെ ഭർത്താവിന്റെ ചികിത്സയ്ക്ക് 13.07.2021 മുതൽ 22.07.2021 വരെ കൊച്ചി ലൂർദ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 1,27,229/- രൂപയുടെ 80 ശതമാനമായ 1,01,783/- രൂപ (ഒരു ലക്ഷത്തി ഒരായിരത്തി എഴുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് റീ-ഇമ്പേഴ്സ് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം( മെഡിക്കൽ ബില്ലുകൾ സഹിതം)
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ശ്രീമതി.സിനി പി.എൻ, കണ്ടിജന്റ് വർക്കർ, പെരുമ്പാവൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-12-2024 15:29:05
സെക്ഷൻ ഓഫീസർ